7-4-2014-ന് നൽകിയ റിപ്പോർട്ടിന്റെ പകർപ്പും ടി അനുമതി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽനിന്ന് ലഭിച്ചിട്ടുണ്ടോ എന്ന് ആരാഞ്ഞുകൊണ്ടുള്ള ദക്ഷിണ റെയിൽവേയുടെ 26-5-2014-ലെ കത്തും ലഭിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തിന്റെ പ്രധാന റെയിൽവേ ആവശ്യങ്ങൾ 2014-15-ൽ തന്നെ നടപ്പിലാക്കാനാവശ്യമായ നടപടികളും വകയിരുത്തലുകളും ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ സമർപ്പിച്ച മെമ്മോറാണ്ടത്തിലും മുഖ്യമന്ത്രിയുടെ 30-5-2014-ലെ 7467/ഡി2/2014/ഗതാ നമ്പർ അർദ്ധഔദ്യോഗിക കത്തുകൾ, 23-6-2014-ലെ 120/റി.ഐ.പി./സി.എം./2014 അർദ്ധഔദ്യോഗിക കത്തുകൾ മുഖേന ബഹു. ഇന്ത്യൻ പ്രധാനമന്ത്രിക്കും ബഹു കേന്ദ്ര റെയിൽവേ മന്ത്രിക്കും നൽകിയ വിശദമായ നിവേദനങ്ങളിൽ ഈ പദ്ധതി ഈ സാമ്പത്തിക വർഷംതന്നെ നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

കൊയിലാണ്ടി റെയിൽവേ സ്റ്റേഷനിലെ അടിസ്ഥാനസൗകര്യങ്ങൾ

67 (6518) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി റെയിൽവേ സ്റ്റേഷൻ സ്ഥാപിതമായത് എന്നാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സ്റ്റേഷന്റെ പരിമിതികളും യാത്രക്കാർക്ക് മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത റെയിൽവേ സ്റ്റേഷന്റെ വികസനത്തിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) റെയിൽവേ സ്റ്റേഷനിൽ പ്ലാറ്റ്ഫോം എക്സ്റ്റൻഷനും റെയിൽവേ മേൽപാലവും വന്നതോടെ പന്തലായനി-പെരുവട്ടാർ ഭാഗത്തുള്ള ജനങ്ങൾക്ക് കൊയിലാണ്ടി ടൗണിലേക്ക് കാൽനടയായി വരുന്നതിന് സ്റ്റേഷനിൽ ഒരു ഫുട്ട് ഓവർ ബ്രിഡ്ജ് വേണം എന്നുള്ള ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഇ) കൊയിലാണ്ടി റെയിൽവേ സ്റ്റേഷനിൽ റെയിൽ മുറിച്ചുകടക്കാൻ സൗകര്യമില്ലാത്ത സാഹചര്യത്തിൽ ഒരു കുട്ടിയടക്കം നിരവധി പേർ സമീപ കാലത്ത് ട്രെയിൻ തട്ടി മരണപ്പെട്ടവിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എത്ര പേർ മരണപ്പെട്ടിട്ടുണ്ട് ;

(എഫ്) എങ്കിൽ ഇത് ആവർത്തിക്കാതിരിക്കാനും ജനങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കാനും ഫുട്ട്ഓവർ ബ്രിഡ്ജ് നിർമ്മിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(ജി) പ്രസ്തുതഫുട്ട് ഓവർ ബ്രിഡ്ജിന്റെ ആവശ്യകത സ്ഥലം എം.എൽ.എ. ഉന്നയിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) ജനങ്ങളുടെ വളരെ പ്രധാനപ്പെട്ട ഒരു ആവശ്യമെന്ന നിലയിൽ ഇക്കാര്യം പരിഗണിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1906-ൽ.

(ബി&സി) ഉണ്ട്. പ്ലാറ്റ്ഫോം മുറിച്ചുകടക്കുന്നതിന് ഫുട്ട് ഓവർ ബ്രിഡ്ജില്ലാത്തതും പ്ലാറ്റ്ഫോമിന് മേൽക്കൂരയില്ലാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ പ്ലാറ്റ്ഫോം ഫ്ളോറിംഗ്, റിസർവ്വേഷൻ, ടോയ്ലെറ്റ്, പാർക്കിംഗ് എന്നീ സൗകര്യങ്ങൾ അപര്യാപ്തമാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്റ്റേഷൻ ബിൽഡിംഗ് പുതുക്കിപ്പണിയുന്നതിനും പ്ലാറ്റ്ഫോം ഷെൽറ്ററുകൾ, ഫുട്ട് ഓവർബ്രിഡ്ജ് എന്നിവ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ട്.

(ഡി) ഉണ്ട്. ഫുട്ട് ഓവർബ്രിഡ്ജ് നിർമ്മാണം സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(ഇ) ഉണ്ട്. 6 പേർ മരണപ്പെട്ടിട്ടുണ്ട്.

(എഫ്) നടപടി സ്വീകരിക്കുന്നതാണ്.

(ജി) ഉണ്ട്.

(എച്ച്) ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

റെയിൽവേയുടെ അന്യാധീനപ്പെടുന്ന സ്ഥലം സംരക്ഷിക്കാൻ നടപടി

68 (6519) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം-പുനലൂർ ബ്രോഡ്ഗേജ് മാറ്റവുമായി ബന്ധപ്പെട്ട് അലൈൻമെന്റ് മാറ്റിയതിനാൽ നിരവധി സ്ഥലങ്ങളിൽ റെയിൽവെയുടെ സ്ഥലം അന്യാധീനപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥലങ്ങൾ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ ;

(സി) അത്യന്താപേക്ഷിത പ്രദേശങ്ങളിൽ ഒഴികെ റെയിൽവെയുടെ പ്രസ്തുതസ്ഥലം സർക്കാർ മന്ദിരങ്ങളുടെ നിർമ്മാണത്തിന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചില സ്ഥലങ്ങളിലുള്ള അത്തരം കയ്യേറ്റങ്ങളെക്കുറിച്ച് അറിവ് ലഭിക്കുന്ന മുറയ്ക്ക് കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് റെയിൽവേ പബ്ലിക്ക് പ്രെമിസസ് ആക്ട് അനുസരിച്ച് നടപടികൾ സ്ഥിരമായി സ്വീകരിക്കുന്നുണ്ട്.

(സി) വ്യക്തമായ നിർദ്ദേശങ്ങൾ ലഭിക്കുന്നമുറയ്ക്ക് ഇക്കാര്യം റെയിൽവേ ബോർഡിനോട് ആവശ്യപ്പെടാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly